മാണെന്ന് നിർബന്ധിക്കുകയും അതുപോലെ അത് പരിശോധിക്കുകയും ചെയ്യുന്നതിനുള്ള അവസരം (ലൈസൻസ് ഇല്ലാത്തത് നിരോധിക്കാനും മറ്റ് കാര്യങ്ങൾ പരിശോധിക്കാനുമുള്ള അവസരം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ഇപ്പോൾതന്നെ ഇതുസംബന്ധിച്ച് ലൈസൻസ് വേണമെന്നുള്ള വ്യവസ്ഥയുണ്ട്. 1984-ൽ ഇഷ്യൂ ചെയ്തിട്ടുള്ള റൂളനുസരിച്ച് ലൈസൻസ് എടുക്കണമെന്നു മാത്രമല്ല അതിന്റെ നമ്പർ കാസറ്റിന്റെ പുറത്ത് അടയാളപ്പെടുത്തണമെന്നും വ്യവസ്ഥയുണ്ട്.

ശ്രീ. ജോസ് കുറ്റിയാനി : കേരളത്തിലെ പല പ്രധാനപ്പെട്ട പട്ടണങ്ങളിലും ടി. വി.-യും വി. സി. ആർ.-ഉം ഘടിപ്പിച്ചിട്ടുള്ള എയർകണ്ടീഷൻഡ് ടൂറിസ്റ്റ് കോച്ചുകളിൽ നീലചിത്രങ്ങൾ കാണാൻ താൽപ്പര്യമുള്ള ആളുകളെകൊണ്ട് ടിക്കറ്റ് എടുപ്പിച്ച് കയറ്റി ആ ഫിലിം തീരുന്നതുവരെ വണ്ടി ഓടിച്ച് പ്രദർശിപ്പിക്കുന്നതിന് പല സ്ഥലങ്ങളിലും പോലീസ് സംരക്ഷണം കൊടുക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ശ്രദ്ധയിൽപ്പെടുത്തുന്നതിനൊക്കെ ഗവൺമെന്റ് നടപടി സ്വീകരിക്കും. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇത് ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും നടപടി എടുക്കാം.

ശ്രീ. എ. വി. താമരാക്ഷൻ : നീലചിത്രമെന്നു പറയുന്നത് നീലകളറിലുള്ള ചിത്രമായതുകൊണ്ടാണോ; എന്താണ് നീലചിത്രം എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്കുള്ള വിവരംപോലും എനിക്കില്ല.

ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും വിതരണം ചെയ്യുന്ന പദ്ധതി

*427. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
„ കെ. പി. പ്രഭാകരൻ :
„ കെ. വി. സുരേന്ദ്രനാഥ് :
„ വി. കെ. രാജൻ :
„ പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ജില്ലാ സഹകരണബാങ്ക് മുഖേന ഹരിജനങ്ങളായ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും വിതരണം ചെയ്യുന്ന പദ്ധതിയനുസരിച്ച് ഇതുവരെ എത്രപേർക്ക് വള്ളവും വലയും വിതരണം ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയനുസരിച്ച് കോ-ഓപ്പറേറ്റീവ് ബാങ്ക് ഈടാക്കുന്ന പലിശ എത്ര;

(സി) ഹരിജനങ്ങളായ മത്സ്യത്തൊഴിലാളികളിൽ നിന്നും 4 ശതമാനം മാത്രം പലിശ ഈടാക്കുന്നതിനും കൂടുതലുള്ള പലിശ ഗവൺമെന്റ് സബ്സിഡിയായി നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) 209 പേർക്ക് ;

(ബി) പത്ത് ശതമാനം ;

(സി) യഥാസമയം പണം തിരിച്ചടക്കുന്നവർക്ക് പലിശയിൽ 5 ശതമാനം റിബേറ്റ് അനുവദിക്കുന്നതാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : നമ്മുടെ സംസ്ഥാനത്ത് ഉൾനാടൻ മൽസ്യ ബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള ആകെ എത്ര തൊഴിലാളികൾ ഉണ്ടെന്നും അതിൽ ഹരിജനങ്ങളെത്രയെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ : അതിന്റെ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. പ്രത്യേകമായി ചോദിച്ചാൽ ശേഖരിച്ചു തരാം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഹരിജനങ്ങളെത്രയാണെന്ന് അറിയാമോ ?

ശ്രീ. കെ. കരുണാകരൻ : ആനുകൂല്യം കൊടുത്തതിനെക്കുറിച്ചാണ് ചോദ്യം, മറ്റു വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ബാങ്കുകൾ നൽകുന്ന വായ്പകളുപയോഗിച്ച് വള്ളവും വലയും വാങ്ങിക്കുവാൻ തയ്യാറായവർക്ക് ആവശ്യമായ തുക ബാങ്കുകൾ നൽകുന്നില്ലെന്ന് പരാതിയുണ്ട്. അതുകൊണ്ട് പൂർണ്ണമായും അതിനാവശ്യമായ തുക നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ശ്രീ. കെ. കരുണാകരൻ : ബാങ്കുകൾ സഹായം നൽകാൻ മുന്നോട്ടുവരാത്തതിനെത്തുടർന്നാണ് ജില്ലാ സഹകരണ ബാങ്കുകളും മറ്റു സൊസൈറ്റികളും മുഖേന കടം എടുക്കാനുള്ള വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുള്ളത്. അതുപ്രകാരം സൊസൈറ്റിയിൽനിന്നും കടം എടുക്കുകയാണെങ്കിൽ അവർക്ക് അതിന്റെ ചെലവിലേക്ക് അഞ്ചു ശതമാനം കളക്ട് ചെയ്യാം എന്നു നിർദ്ദേശമുണ്ട്. മൊത്തം പത്തു ശതമാനംവരെ പലിശ ഈടാക്കാനുള്ള വ്യവസ്ഥയോടുകൂടിയാണ് ഇപ്പോൾ കൊടുക്കുന്നത്. ആ പത്തു ശതമാനം കൊടുക്കേണ്ടതിൽ അഞ്ചു ശതമാനം മാത്രമേ കൊടുക്കേണ്ടതായിട്ടുള്ളൂ.

ശ്രീ. കെ. പി. പ്രഭാകരൻ : ഈ പദ്ധതി അനുസരിച്ച് 1984-ൽ എത്രപേർക്ക് വള്ളവും വലയും വിതരണം ചെയ്യാനാണ് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ലക്ഷ്യം വച്ചിരിക്കുന്നത് എന്നും ഏതൊക്കെ ഡിസ്ട്രിക്ടുകളിലാണ് 250 എണ്ണം കൊടുത്തത് എന്നും അതിന് എത്ര തുകവീതം ചെലവായിയെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : 1983-84-ൽ 30 ലക്ഷം രൂപയാണ് നീക്കിവച്ചിരുന്നത്. ഈ വർഷം 21 ലക്ഷം രൂപയാണ് വച്ചിരിക്കുന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ : ഈ സ്ക്കീം 1984-86-ലാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് എന്നാണ് മനസ്സിലാക്കിയത്. 1984-85-ൽ എത്ര വളളവും വലയും വിതരണം ചെയ്തു എന്നും 1984-85-ൽ അതിന് എത്ര തുക ആകെ ചെലവഴിച്ചു എന്നും ഏതെല്ലാം ഡിസ്ട്രിക്ടുകളിൽ എത്രവീതം ചെലവഴിച്ചു എന്നുമാണ് അറിയേണ്ടത്.

ശ്രീ. കെ. കരുണാകരൻ : നീക്കിവച്ചതുക 30 ലക്ഷം രൂപയാണ്. ബാങ്കുകൾ അതു ശരിയായി വിതരണം ചെയ്യാതെവന്നതുകൊണ്ട് അതു ഭേദഗതി ചെയ്തുകൊണ്ട് പ്രത്യേകം കൽപ്പന പുറപ്പെടുവിക്കുകയും 1984-85-ൽ 209 പേർക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ബാങ്കുകൾ സഹായം കൊടുക്കുന്നതിന് മുന്നോട്ടു വരാത്തതുകൊണ്ട് സഹകരണ ബാങ്കുകളെ ഏൽപ്പിക്കേണ്ടിവന്നതുകൊണ്ടാണ് താമസം വന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ : സംസ്ഥാനതല ഉൽഘാടനം 1984 ഒക്ടോബറിൽ എന്റെ നിയോജകമണ്ഡലത്തിൽവച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചത്. അന്ന് 10 ശതമാനമാണ് പലിശ എന്നാണ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെയർമാൻ ആ സദസിൽ പറയുകയും നാഷണലൈസ്ഡ് ബാങ്കുകൾ ഹരിജനങ്ങൾക്കു നൽകുന്ന വായ്പയ്ക്ക് നാലുശതമാനം മാത്രം പലിശ ഈടാക്കുന്നതു ശരിയല്ല എന്നും അത് ബാങ്കുകൾക്കു കുറച്ചുകൊടുക്കുവാൻ കഴിയുന്നില്ലെങ്കിൽ ഗവൺമെന്റ് സബ്സിഡി നൽകിക്കൊണ്ട് നാലു ശതമാനം പലിശമാത്രം ഇതു വാങ്ങുന്ന ആളുകൾക്ക് കൊടുത്താൽ മതിയെന്നും മുഖ്യമന്ത്രി ആ സദസിൽവച്ച് ഉറപ്പു കൊടുക്കുകയും ചെയ്തതാണ്. അതനുസരിച്ച് വല്ല ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ : അഞ്ചു ശതമാനമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. തിരിച്ചടയ്ക്കാത്ത ആളുകൾക്ക് ഇതു ബാധകമല്ല എന്നകാര്യം കൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. വി. കെ. രാജൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 30 ലക്ഷം രൂപ നീക്കിവച്ചതിൽ നിസ്സാരമായ സംഖ്യയേ കൊടുത്തുള്ളൂ എന്നാണ്. അർഹരായ ഹരിജനങ്ങളായ മൽസ്യത്തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിന് ഇപ്പോൾ എന്തു സംവിധാനമാണ് സ്വീകരിച്ചുവരുന്നത് ?

ശ്രീ. കെ. കരുണാകരൻ : അവരിൽനിന്നുമുള്ള അപേക്ഷ പരിശോധിച്ചതിനു ശേഷമാണ് നിശ്ചയിക്കുന്നത്.

ശ്രീ. വി. കെ. രാജൻ : തെരഞ്ഞെടുക്കുന്നതാരാണ് ?

ശ്രീ. കെ. കരുണാകരൻ : ഫിഷറീസ് ഡിപ്പാർട്ട്മെന്റാണ് തെരഞ്ഞെടുക്കുന്നത്.

ശ്രീ. വി. കെ. രാജൻ : എൻ. സി. ഡി. സി. യുടെ സഹായത്തോടുകൂടി മൽസ്യഫെഡറേഷനു പണം കിട്ടുകയും അത് ജില്ലാ ബാങ്കിലേയ്ക്ക് മാറ്റി കടലോര മൽസ്യത്തൊഴിലാളികൾക്കു വള്ളവും വലയും കൊടുക്കുന്ന സ്ക്കീമിനുവേണ്ടി ഉപയോഗിക്കുന്ന ഒരു പദ്ധതിയുള്ളതായി പത്രവാർത്തകണ്ടു അതിനു വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : പുതിയ പദ്ധതി എന്താണെന്നു പരിശോധിച്ചു പറയാം.

ശ്രീ. പി. കുമാരൻ : പുഴയോര മൽസ്യത്തൊഴിലാളികൾ തിര ഉപയോഗിച്ചു മൽസ്യം പിടിക്കുന്നതുകൊണ്ട് മൽസ്യവർഗത്തിന്റെ കുഞ്ഞുങ്ങളൊക്കെ നശിച്ചുപോകുന്നുവെന്നുള്ള പരാതികൾ എന്തെങ്കിലും ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ തിര ഉപയോഗിച്ച് മീൻപിടിക്കുന്നതു നിരോധിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ : ഇപ്പോൾതന്നെ അതു കുറ്റകരമായ കാര്യമാണ്. അങ്ങനെ ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കാം.

ശ്രീ. എം. കെ. കേശവൻ : ഉൾനാടൻ ജലാശയങ്ങളിൽ മൽസ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല തുടങ്ങിയ തൊഴിലുപകരണങ്ങൾ വാങ്ങുന്നതിന് ഗവൺമെന്റിൽനിന്നും ധനസഹായം കിട്ടുമെന്ന ഗവൺമെന്റിന്റെ പ്രഖ്യാപനമനുസരിച്ച് അപേക്ഷിച്ചപ്പോൾ ഗവൺമെന്റിൽനിന്നും കിട്ടാനുള്ള സബ്സിഡി പോർഷൻ വരാത്തതുകൊണ്ട് സംസ്ഥാനത്തെ ഒട്ടേറെ സൊസൈറ്റികൾ ഇവർക്കുള്ള ധനസഹായം കൊടുക്കുന്നില്ല എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ : കിട്ടാതിരിക്കുവാൻ വഴിയില്ല. തീർച്ചയായും ഇതേക്കുറിച്ച് അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. വി. ദിനകരൻ : മൽസ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധന ഉപകരണങ്ങൾ വാങ്ങാൻ ഒരു സ്ക്കീം നടപ്പിലാക്കുന്നുണ്ട്. പക്ഷേ അതിനു വേണ്ടി ലോണിന് അപേക്ഷിച്ച അവസരത്തിൽ ഈ മൽസ്യത്തൊഴിലാളികൾതന്നെ ബാങ്കുകാരെ പിടിച്ച് അവരെ സമ്മതിപ്പിച്ചതിനുശേഷം മാത്രമേ ലോൺ അനുവദിക്കുഎന്ന ഒരു രീതി സ്വീകരിച്ചുവരുന്നു. അത് ലോൺ കിട്ടുന്നതിനു തടസമായി വരുന്നതുകൊണ്ട് ഡിപ്പാർട്ട്മെന്റ് ഇടപെട്ട് അവർക്ക് ലോൺ കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ : അത് പരിശോധിക്കാം.

ശ്രീ. ഒ. ഭരതൻ : നിർദ്ദിഷ്ട ഏഴിമല അക്കാദമി സ്ഥിതിചെയ്യുന്ന പ്രദേശത്തിനടുത്തുകൂടി ഒഴുകുന്ന പുഴയിൽനിന്ന് മൽസ്യബന്ധനം നടത്തിവന്നിരുന്ന ഹരിജനങ്ങളായിട്ടുള്ള മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനം നടത്താനുള്ള അനുമതി നിഷേധിച്ചിരിക്കുന്നുവെന്നുള്ള പരാതി വല്ലതും ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് അതിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ : ഇപ്പോൾ ഗവൺമെന്റിന്റെ പക്കൽ ആവശ്യമായിട്ടുള്ള വിവരം ഇല്ല. തീർച്ചയായും എന്തു കാരണത്താലാണ് അവരെ തടസപ്പെടുത്തുന്നത് എന്ന് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്തു കുട്ട്യാലി-: സ്റ്റേക്ക് നെറ്റ് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന മലബാർ മേഖലയിലെ മൽസ്യത്തൊഴിലാളികൾക്ക് ഗവൺമെന്റിന്റെ പുതിയ പദ്ധതിപ്രകാരമുള്ള സഹായം ലഭിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ മത്സ്യത്തൊഴിലാളികളെകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ : സ്റ്റേക്ക് നെറ്റ് ഉപയോഗിച്ച് മീൻപിടിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുവാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇന്ന് സബ്സിഡിയും ലോണുമായി പതിനായിരം രൂപയാണ് അവർക്ക് കൊടുക്കുന്നത്. നമ്മുടെ നാട്ടിലെ വള്ളത്തിന്റെ നിർമ്മാണം വളരെവലിയ ചെലവുവരുന്ന ഒരു കാര്യമായി മാറുകയാണ്. അതുകൊണ്ട് ഇന്നു ഗവൺമെന്റ് കൊടുക്കുന്ന ലോൺകൊണ്ട് ചെറിയ വള്ളംപോലും വാങ്ങാൻ കഴിയുന്നില്ല. മരം കിട്ടാൻ ബുദ്ധിമുട്ടാണ്. ഈ കാര്യം പരിശോധിച്ചിട്ടുണ്ടോ; അവർക്ക് കൺസഷൻ റേറ്റിൽ മരം കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. കെ. കരുണാകരൻ : മരം കൊടുക്കാനുള്ള സംവിധാനം ഇപ്പോഴില്ല. അത് എത്രകണ്ടു സാദ്ധ്യമാകുമെന്നു പരിശോധിക്കേണ്ടതായിട്ടുണ്ട്. ചെറിയവള്ളം വാങ്ങുന്നതിനു കൊടുക്കുന്ന സാമ്പത്തിക സഹായം പോരാതെവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ശ്രദ്ധയിൽപെട്ടാൽ തീർച്ചയായും ഈ കാര്യം പരിശോധിക്കാം.

ശ്രീ. കെ. രാഘവൻമാസ്റ്റർ : ഹരിജൻയുവാക്കൾക്ക് തൊഴിൽ നൽകുന്നതിന്റെ ഭാഗമായി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഫിഷ് സ്റ്റാൾ തുടങ്ങുന്നതിന് അപേക്ഷ ക്ഷണിച്ചിരുന്നു. പക്ഷേ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അത് ഗിരിജനങ്ങൾക്കും ബാധകമാണോ; ഗിരിജനങ്ങൾക്കുകൂടി ബാധകമാകുന്നവിധത്തിൽ ആ സ്ക്കീം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ : ഹരിജനങ്ങൾക്കു ബാധകമായിട്ടുള്ള സ്ക്കീം ഗിരിജനങ്ങൾക്കും ബാധകമായിരിക്കും.

ശ്രീ. സി. പി. മുസ്സാൻകുട്ടി : ഹരിജനങ്ങൾക്ക് അഞ്ചുശതമാനം പലിശ സബ്സിഡി കൊടുക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കണ്ണൂർ ജില്ലയിലെ വള്ളുവർ സമുദായത്തിൽപ്പെട്ട ആളുകൾ മത്സ്യംപടിച്ചുമാത്രം ജീവിക്കുന്നവരാണ്. അവരെ ഷെഡ്യൂൾസ് കാസ്റ്റിൽ പെടുത്തിയിട്ടുമുണ്ട്. ഈ അഞ്ചു ശതമാനം പലിശ സബ്സിഡി, വള്ളവും വലയും വാങ്ങുന്നതിനുള്ള ആനുകൂല്യം തുടങ്ങിയവ ഷെഡ്യൂൾഡ്കാസ്റ്റിൽ പെടുത്തിയിട്ടുള്ള വള്ളുവർ സമുദായത്തിനുകൂടി കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ : ഷെഡ്യൂൾഡ് കാസ്റ്റിൽ പെടുത്തിയിട്ടുള്ളവരാണെങ്കിൽ അവർക്ക് കിട്ടാതിരിക്കുവാൻ കാരണമെന്താണെന്ന് അന്വേഷിക്കാം.

ശ്രീ. കോട്ടക്കുഴി സുകുമാരൻ : മത്സ്യത്തൊഴിലാളികളെന്ന വ്യാജേന സർട്ടിഫിക്കറ്റുകൾ സമ്പാദിച്ച് മത്സ്യത്തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യം തട്ടിയെടുക്കുന്നതായിട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ : പല ആനുകൂല്യങ്ങളും അർഹതപ്പെട്ട കയ്യിലേക്ക് ചെന്നെത്തുന്നില്ല എന്നുള്ള പരാതിയുണ്ട്. പക്ഷേ അങ്ങനെയുള്ള ഏതെങ്കിലും കേസ് ബഹുമാനപ്പെട്ട മെമ്പർ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നാൽ നടപടി സ്വീകരിക്കാം.

ശ്രീ. സി. കെ. തങ്കപ്പൻ : കൊല്ലം ജില്ലയിൽ തേവലക്കര, തെക്കുംഭാഗം, കരുനാഗപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിൽ ഹരിജൻ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും കൊടുത്തിട്ടുണ്ട്. പക്ഷേ വള്ളവും വലയും ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ അവർക്ക് കഴിയുന്നില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികളും ഹരിജൻ മത്സ്യത്തൊഴിലാളികളും തമ്മിലുള്ള തർക്കംകൊണ്ടാണിത്. അതുകൊണ്ട് അവർക്ക് ലോൺ തിരിച്ചടക്കാനും കഴിയുന്നില്ല. അവരെ തമ്മിൽ യോജിപ്പിച്ച് സൗഹൃദപരമായ ഒരന്തരീക്ഷത്തിൽ മത്സ്യബന്ധനം നടത്തുന്നതിനും ഹരിജനങ്ങൾക്കുകൂടി ഈ മത്സ്യബന്ധനം നടത്തുന്നതിനുമുള്ള ഒരന്തരീക്ഷമുണ്ടാക്കാൻ ഒരു കോൺഫറൻസ് വിളിച്ചിട്ട് ഒരു സമാധാനപരമായ അന്തരീക്ഷത്തിനുവേണ്ടി മന്ത്രി ശ്രമിക്കുമോ?

ശ്രീ. കെ. കരുണാകരൻ : മത്സ്യത്തൊഴിലാളികളായ ഹരിജനങ്ങളാണെങ്കിൽ അവർ മീൻ പിടിക്കുന്നത് തടയാൻ ആർക്കും അവകാശമില്ല. അങ്ങനെ തടയുന്നുണ്ടെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാം. ഈ പ്രശ്നത്തെസംബന്ധിച്ച് ലോക്കലായിട്ട് എന്തെങ്കിലും സെറ്റിൽമെന്റ് ആവശ്യമാണെങ്കിൽ തീർച്ചയായിട്ടും ഗവൺമെന്റ് ചെയ്യുന്നതാണ്.

വനവും വനസമ്പത്തും സംരക്ഷിക്കുന്നതിന് നടപടി

*428. ശ്രീ. രാഘവൻ പൊഴക്കടവിൽ :
" കെ. കെ. തോമസ് :
" പന്തളം സുധാകരൻ :
" കെ. രാഘവൻ മാസ്റ്റർ :
" തെന്നല ജി. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവും വനസമ്പത്തും സംരക്ഷിക്കുന്നതിനും പ്രകൃതിയുടെ സംതുലിതാവസ്ഥ നിലനിർത്തുന്നതിനും ഗവൺമെന്റ് ആവിഷ്ക്കരിച്ച വനനയം എന്തെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly